# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1579　　　　07.03.2018-ലെ മറുപടിക്ക്

**ജനപക്ഷ സിവിൽ സർവ്വീസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എ.എം. ആരിഫ്** | **പിണറായി വിജയൻ<br>മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ പ്രാവർത്തികമാക്കേണ്ട സിവിൽ സർവ്വീസ് ജനപക്ഷവും കാര്യക്ഷമവും ആക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | ജനപക്ഷവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് ഉറപ്പ് വരുത്തുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സൗഹാർദ്ദപരമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകൾ സഹകരണം വാഗ്ദാനം ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഓഫീസുകളുടെ സൗകര്യങ്ങൾ ഉൾപ്പെടെ വർദ്ധിപ്പിച്ച് ഓഫീസ് അന്തരീക്ഷം മികവുറ്റതാക്കാനുള്ള പരിപാടിയുടെ വിശദാംശം നൽകുമോ; | (ബി) | ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സൗഹാർദ്ദപരമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും താഴെ പറയുന്ന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്;<br><br>സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ച്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്ന നിർദ്ദേശങ്ങൾക്കൊപ്പം കൈപ്പറ്റ് രസീതിന്റെ മാതൃകയും കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന സർക്കാർ ഉത്തരവിന്റെ ഉള്ളടക്കം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതിന്റെ മാതൃകയും ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ നം. 168/എ.ആർ13(2)/09/ഉഭപവ. തീയതി 12.1.2009 പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും നിഷ്കർഷിക്കുന്ന സർക്കുലർ നം. 11433/എ.ആർ13(2) / |

| | | | |
|---|---|---|---|
| | | | 15/ഉഭപവ. തീയതി, 16.07.2015 പുറപ്പെടുവിച്ചിട്ടുണ്ട്.<br>സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പാക്കൽ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ നം. 7995/എ.ആർ13(2)/15/ഉഭപവ. തീയതി, 24.06.2015 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ നം. 7318/AR13(2)/16/P&ARD dated 18.08.2016 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നല്കണമെന്ന നിർദ്ദേശം സംബന്ധിച്ച് സർക്കുലർ നം. 353/എ.ആർ13(2)/ 2017/ഉഭപവ. തീയതി 27.11.2017 പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നം., സാക്ഷ്യപ്പെടുത്തിയ /പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്ന സർക്കുലർ നം. 7289/എ.ആർ13(2)/16/ഉഭപവ. തീയതി, 22.02.2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഓഫീസ് അന്തരീക്ഷം മികവുറ്റതാക്കാനുള്ള പരിപാടിയുടെ ഭാഗമായി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഭരണസംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാവർത്തികമാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചു കൊണ്ട് എസ്.ആർ.ഒ. നം. 861/17 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 01.01.2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നു. നിയമനം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ